വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ, സാമ്പത്തികാനുകൂല്യങ്ങൾ നൽകൽ, വൈദ്യപരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കൽ, റിസോഴ്സ് മുറികൾ സജ്ജമാക്കൽ, റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കൽ, സ്കൂൾ കെട്ടിടങ്ങളിലെ വാസ്തുശിൽപ്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ, രക്ഷകർത്താക്കൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, പ്രധാനാദ്ധ്യാപകർക്കും റിസോഴ്സ് അദ്ധ്യാപകർക്കുമുള്ള പരിശീലനം, സ്കൂളുകളിൽ തെറാപ്യൂട്ടിക് സെന്ററുകൾ, ഓഡിയോവിഷ്വൽ പഠനോപകരണങ്ങൾ എന്നിവ സജ്ജമാക്കൽ, ട്രെയ്നിംഗ് സെന്ററുകളുടെ ശാക്തീകരണം, സഹായോപകരണങ്ങൾക്കുള്ള സാമ്പത്തിക സഹായം എന്നീ സൗകര്യങ്ങളാണ് പൊതുവിദ്യാലയങ്ങളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) 2009-10 വർഷം, 8 ഗവൺമെന്റ് ഹൈസ്കൂളുകളെ മോഡൽ ഇൻക്ലൂസീവ് സ്കൂളായി മാറ്റുന്നതിന് തുക അനുവദിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) സംസ്ഥാനത്ത് 9 വിദ്യാലയങ്ങളിൽ റിസോഴ്സ് സെന്ററുകളും 42 വിദ്യാലയങ്ങളിൽ റിസോഴ്സ് മുറികളും തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. സംയോജിത വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ പ്രധാനാദ്ധ്യാപകർക്കും ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ റിസോഴ്സ് അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും പരിശീലനം നൽകിവരുന്നുണ്ട്.

(ഇ) സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.എസ്.എസ്) ക്കായി നടപ്പുവർഷം 25.72 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. കൂടാതെ എസ്. എസ്.എ പദ്ധതിയിൽ 28.16 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ പിന്നോക്കാവസ്ഥ

12 (*552) ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുതിയ എഞ്ചിനിയറിംഗ് കോളേജുകൾ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടുക്കി, വയനാട്, കോഴിക്കോട്, ബാർട്ടൻഹിൽ, ശ്രീകൃഷ്ണപുരം കോളേജുകളുടെ വികസനത്തിനായി സർക്കാർ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുമോ ;

(ഡി) ക്ലാസ് റൂം, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ നിലവിലുണ്ടോ ;

(ഡി) കോളേജ് വികസന പദ്ധതികൾക്കായി നബാർഡ് സഹായത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഈ കോളേജുകളിൽ ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി കൊണ്ടിരിക്കുന്നു.

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചുകഴിഞ്ഞു.

ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് മാനേജ്മെന്റ് പരിശീലനം

13 (*553) ശ്രീമതി കെ. കെ. ലതിക :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. കൃഷ്ണ പ്രസാദ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഭരണപരമായ ചുമതലയുള്ള ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് മാനേജ്മെന്റ് പരിശീലനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മാനേജുമെന്റുമായി ബന്ധപ്പെട്ട് ഏതെല്ലാം വിഷയങ്ങളിലാണ് സീമാറ്റിൽ പരിശീലനം നൽകുന്നത് ;

(ഡി) വിവരാവകാശനിയമം, ഇ-ഗവേണൻസ്, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ഓഫീസ് നടപടിക്രമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഭരണപരമായ ചുമതലയുള്ള ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് ഏതേത് വിഷയങ്ങളിലാണ് മാനേജുമെന്റ് പരിശീലനം ആവശ്യമുള്ളതെന്ന് ട്രെയ്നിംഗ്

LIBRARY ARCHIVES Kerala Legislative Assembly